പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**ഇന്ദിര ആവാസ് യോജന**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1481 | 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം നൽകാത്തതിനാൽ എത്ര വീടുകളുടെ നിർമ്മാണം മുടങ്ങിയിട്ടുണ്ട്; | (എ) | ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണത്തിന് ബാങ്കുകളിൽ നിന്നും സർക്കാർ ഉറപ്പിൽ വായ്പ എടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പ് അംഗീകരിക്കാത്തതിനാൽ ബാങ്ക് വായ്പ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്.സി, ജനറൽ) 2.5 ലക്ഷവും (എസ്.ടി)ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചത് മൂലമുണ്ടായ അധിക ബാധ്യത പരിഹരിക്കുന്നതിന് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചത് 2011-12-ലാണ്. അതനുസരിച്ച് വിവിധ ബ്ലോക്കു പഞ്ചായത്തുകൾ ആകെ 50.8 കോടി രൂപ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ